# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4074 03.02.2014 - ൽ മറുപടിയ്ക്ക്

## എസ്. എ. റ്റി. ആശുപത്രിയിലെ ശിശുമരണങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. കെ ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | **ശ്രീ. വി. എസ്. ശിവകുമാർ**<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| (എ) അശാസ്ത്രീയമായ അമിത ഔഷധ പ്രയോഗംമൂലം മിക്ക അണുബാധ രോഗങ്ങൾക്കും ചികിത്സ ഫലിക്കാതെ വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) അശാസ്ത്രീയമായ അമിത ഔഷധ പ്രയോഗം മൂലം ചികിത്സ ഫലിക്കാതെ വരുന്ന കാര്യം (Antibiotic resistance) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ശ്രീ. അവിട്ടം തിരുനാൾ ആശുപത്രിയിൽ നവജാത ശിശുക്കൾ കൂട്ടത്തോടെ മരിക്കാൻ ഇടയായ സാഹചര്യത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;<br>(സി)എങ്കിൽ ഇങ്ങനെ സംഭവിച്ചതിനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) & (സി)<br>2007 ൽ എസ്. എ. റ്റി. ആശുപത്രിയിൽ നവജാത ശിശുക്കളുടെ മരണനിരക്ക് കൂടിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്തുകയും മനസ്സിലാക്കിയ അപാകം പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് ആശുപത്രികളിൽ നിന്ന് ഗുരുതരാവസ്ഥയിൽ ഉള്ള കുഞ്ഞുങ്ങളെ ഈ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതും, അഡ്മിറ്റ് ചെയ്യപ്പെടുന്ന നവജാത ശിശുക്കളുടെ എണ്ണക്കൂടുതലും, ക്ലീനിംഗ് സ്റ്റാഫിന്റെ കുറവും സ്ഥലപരിമിതിയും മരണനിരക്ക് കൂടുന്നതിന് കാരണമായിരുന്നു. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടുതൽ കുഞ്ഞുങ്ങളെ കിടത്തി ചികിത്സിക്കുന്നതിനായുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. |
| (ഡി) എം.ആർ.എസ്.എ. അണു വിമുക്തമാണെന്ന് ഉറപ്പാക്കാൻ വർഷത്തിൽ നാല് പ്രാവശ്യമെങ്കിലും പരിശോധനയ്ക്ക് വിധേയരാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി)എം.ആർ.എസ്.എ. അണുവിമുക്തമാക്കുവാൻ വേണ്ട എല്ലാ നടപടികളും Eco shield ഉം H2 O2 ഉം ഉപയോഗിച്ചും, ഫോഗിംഗ് വഴിയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ